# വചന വിചിന്തനം : ഫെബ്രുവരി 8 ഞായര്‍, 2009

**യോഹ. 3 :1 – 15**

ഒരാള്‍ ഒരു രാത്രിയില്‍ തലയൊക്കെ മൂടി, ആരും കാണാതെ ഈന്തപ്പനക്കാടുകള്‍ കടന്ന് തന്നെ തിരക്കിനടന്നു വരുന്നത് ഈശോ ജാലകത്തിലൂടെ കണ്ടു. അയാള്‍ വാതിലില്‍ മുട്ടി. വാതില്‍ തുറക്കപ്പെട്ടു! നെഞ്ചോളം താടി, നരച്ച പുരികങ്ങള്‍, ഇസ്രായേലിന്റെ അറിയപ്പെടുന്ന ഗുരുവായ നീ.........അകത്തേക്ക് കടന്നുവരാന്‍ കര്‍ത്താവ് അവന് അനുമതി നല്കി. അവന്റെ മനസ്സിലെ ദു:ഖങ്ങള്‍ അവന്‍ കര്‍ത്താവിനെ അറിയിക്കുന്നു. തമ്പുരാന്റെ സന്നിധിയിലായിരുന്നുകൊണ്ട് കുറച്ച് വര്‍ത്തമാനം പറഞ്ഞുപോകുക എന്നതിലുപരിയായി അവന്റെ മനസ്സിലെ അലട്ടുന്ന, ഉത്തരം കിട്ടാത്ത ചില ചോദ്യങ്ങള്‍ക്ക് ഗുരുവിന്റെ പക്കല്‍നിന്നും സംശയനിവാരണം നടത്തി പോകുന്ന തിനാണ് യഹൂദപ്രമാണിയും ഗുരുവുമായ നിക്കൊദേമോസ് ആരെയും കാണാതെ രാത്രിയില്‍ ഈശോയുടെ അടുത്തെത്തിയത്.

തന്നെ കാണാന്‍ വന്ന നിക്കൊദേമോസിനെ കര്‍ത്താവ് തന്റെ അടുത്ത് ചേര്‍ത്തിരുത്തി. പിന്നെ അവര്‍ പല കാര്യങ്ങളും സംസാരിച്ചുവെങ്കിലും വന്ന കാര്യത്തിലേക്ക് തമ്പുരാന്റെ ശ്രദ്ധ തിരിക്കുന്നതിനായി അവന്‍ ഗുരുവിന്റെ നിരവധിയായ പ്രവര്‍ത്തനങ്ങള്‍ ചൂണ്ടികാണിക്കുന്നു. ഗുരോ, നീ എത്ര മഹോന്നതനായ മനുഷ്യന്‍......

നീ ഒന്നു തൊട്ടാല്‍ കുഷ്ഠരോഗികള്‍ സുഖപ്പെടുന്നു...

നിന്റെ ഒരു സ്പര്‍ശനം കൊണ്ട് പിശാച് ബാധിതര്‍ സുഖപ്പെടുന്നു...

മരിച്ചവര്‍ ഉയിര്‍പ്പിക്കപ്പെടുന്നു....

അങ്ങനെ അവന്‍, തമ്പുരാന്‍ പ്രവര്‍ത്തിച്ച അത്ഭുതങ്ങളുടെയും അടയാളങ്ങളുടെയും ഒരു നിരതന്നെ അവതരിപ്പിച്ച ശേഷം അവന്‍ പറയുന്നു "ദൈവം കൂടെയില്ലെങ്കില്‍ ഒരുവനും നീ ചെയ്യുന്ന ഈ അടയാളങ്ങള്‍ പ്രവര്‍ത്തിക്കാന്‍ കഴിയുകയില്ല". പക്ഷെ ഈശോയുടെ മറുപടി മറ്റൊന്നായിരുന്നു. "സത്യം സത്യമായി ഞാന്‍ നിന്നോടു പറയുന്നു, വീണ്ടും ജനിക്കുന്നില്ലെ ങ്കില്‍ ഒരുവന് ദൈവരാജ്യം കാണാന്‍ കഴിയുകയില്ല".

തമ്പുരാന്റെ അല്ലെങ്കില്‍ ദൈവത്തിന്റെ പ്രവര്‍ത്തികളെ അങ്ങേയറ്റം പുകഴ്ത്തിയ നിക്കൊ ദേമോസിനോട് ഈശോ ചോദിച്ചു, ഞാന്‍ ഈ പറഞ്ഞതിന്റെ അര്‍ത്ഥം നിനക്ക് മനസ്സിലായോ എന്ന്. യഹൂദപ്രമാണിയും ഗുരുവുമായ നിക്കൊദേമോസ് ഹൃദയം തുറന്ന് സമ്മതിച്ചു, തനിക്ക് ഒന്നും മനസ്സിലായില്ല എന്ന്. ഈ സാഹചര്യത്തില്‍ ഈശോ നിക്കൊദേമോസിന്റെ മനസ്സിലെ സംശയങ്ങള്‍ക്ക് ഉത്തരം നല്കുകയാണ്. ഈശോ പറയുന്നു. "ജലത്താലും ആത്മാവിനാലും ജനിക്കുന്നില്ലെങ്കില്‍ ഒരുവനും ദൈവരാജ്യത്തില്‍ പ്രവേശിക്കുക സാധ്യമല്ല" എന്ന്.

വീണ്ടും ജനിക്കുന്ന കാര്യം പറഞ്ഞപ്പോഴാ.....

ഒരിക്കല്‍ ഈ നാട്ടിലെ- തേന്‍മാവുകളൊക്കെ-

കാര്യം വേണ്ടതെല്ലാം ഉണ്ട്...

മെയ് മാസത്തില്‍ കുട്ടികളും എല്ലാം വിട്ടുപിരിയും

മഴക്കാലത്തു പഴങ്ങളില്ല....

പിന്നെ ഇലകള്‍ സാവധാനം പഴുത്ത് കൊഴിയും....

ഞങ്ങൾക്കു....ഞങ്ങൾക്കു... വല്ലാത്തൊരു ദു:ഖമാണിപ്പോൾ....

സാരമില്ല: ദൈവം

ഈ താത്ക്കാലിക വേദന ഒരു രണ്ടാം ജനനത്തിലേക്ക് തിരിച്ചു വിടുന്നു.

ഇലകൾ കൊഴിഞ്ഞാലേ തളിരുകൾ ഉണ്ടാവു.

തളിരണിഞ്ഞാലെ പൂവുകൾ ഉണ്ടാവു.

പൂവുകൾ ഉണ്ടായെങ്കിൽ മാത്രമെ വസന്തങ്ങൾ ഉണ്ടാവു, കുയിലുകൾ പാടൂ,....

ഇങ്ങനെ വിരിയുന്ന പൂവ് പിന്നീട് കണ്ണിമാങ്ങകൾക്ക് ജന്മം കൊടുക്കുന്നു. ഈ ഒരു പ്രക്രിയ ഈ പ്രപഞ്ചത്തിലെങ്ങും കാണാൻ സാധിക്കും. എങ്ങും പുതുജനനത്തിന്റെ ധ്വനികൾ....

പാമ്പ് പടം പൊഴിക്കും,

മരങ്ങൾ ഇല കൊഴിക്കും.

ശരീരത്തിൽ തന്നെ, ഓരോ മൂന്നു മാസത്തിലും രക്തം ശുദ്ധീകരിക്കപ്പെടുന്നു അല്ലെങ്കിൽ പുതുതാക്കപ്പെടുന്നു. ശരീരത്തിലെ മുടികൾ, നഖങ്ങൾ എന്നിവ വളർന്നു വരുന്നു. ഇപ്രകാരമുള്ള ഈ ബാഹ്യമായ വളർച്ചയ്ക്കപ്പുറം ഒരു ആന്തരികമായ രണ്ടാം ജനനം നമ്മുടെ ഹൃദയത്തിൽ സംഭവിക്കണമെന്നാണ് യേശുനാഥൻ ഇവിടെ ഉദ്ദേശിക്കുന്നത്. അതായത് ചിന്തകളിൽ, ശീലങ്ങളിൽ, പെരുമാറ്റ രീതികളിൽ,... ഇവയിലൊക്കെ മാറ്റം വരുത്തി മാനസാന്തരത്തിന്റെ പുതിയ വഴികളിലേയ്ക്കിറങ്ങുക എന്ന്. തെറ്റിന്റേതായ വഴികളിലൂടെ മുൻമ്പോട്ടു പോകുമ്പോൾ, തിന്മയുടേതായ വീഥികളിലൂടെ ചരിക്കുമ്പോൾ, ഭക്താനുഷ്ഠാനങ്ങളെല്ലാം വെടിഞ്ഞ് ഭൗതീകരായി ജീവിക്കുമ്പോൾ, അവിടെ ഒരു മാനസാന്തരത്തിന്റെ ആവശ്യം ഉണ്ടെന്ന് ഈശോനാഥൻ തിരുവചനത്തിലൂടെ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരു പക്ഷെ ചിലപ്പോൾ എനിക്കു തോന്നിയേക്കാം, ഞാൻ–

പ്രാർത്ഥിക്കുന്നുണ്ട്,

സന്ധ്യാപ്രാർത്ഥന ചൊല്ലുന്നുണ്ട്,

വേദപാഠം പഠിക്കുന്നുണ്ട് അല്ലെങ്കിൽ പഠിച്ചിട്ടുണ്ട്.

ഞാൻ പൂർണ്ണൻ, എല്ലാം തികഞ്ഞവൻ എന്നൊക്കെ -

പ്രിയമുള്ളവരെ ഈ ചിന്തയായിരുന്നു ദൈവാലയത്തിൽ പ്രാർത്ഥിക്കാൻ പോയ ഫരിസേയന്റേത്

പക്ഷെ ചുങ്കക്കാരൻ സ്വർഗ്ഗത്തിലേക്ക് കണ്ണുകൾ ഉയർത്താൻ പോലും ധൈര്യപ്പെടാതെ, ഞാൻ പാപിയാണെന്ന് മനസ്സിലാക്കി പശ്ചാതാപത്തിന്റെ വഴിയിലൂടെ കടന്ന് മാനസാന്തരപ്പെട്ട് പുതിയ മനുഷ്യനായി ദൈവാലയത്തിൽ നിന്നും തിരിച്ചുപോയി. അവിടെ ഫരിസേയൻ ചെന്ന് നിന്നത് ചുങ്കക്കാരന്റെ മുമ്പിലാ. പക്ഷെ ചുങ്കക്കാരൻ ചെന്നു നിന്നത് ദൈവത്തിന്റെ മുന്നിലും. എല്ലാമറിയുന്ന ദൈവത്തിന്റെ മുന്നിൽ നിൽക്കുമ്പോൾ മാത്രമേ വീണ്ടും ജനിക്കേണ്ടതിന്റെ ആവശ്യകത നമുക്ക് ബോധ്യമാകൂ.

ദാവീദ്,

ഉച്ചയുറക്കം കഴിഞ്ഞ്, ആയിരിക്കേണ്ടിടത്ത് ആയിരിക്കാതെ (യുദ്ധ ഭൂമിയിൽ/രാജ്യകാര്യങ്ങളിൽ) മട്ടുപ്പാവിൽ ഉലാത്തിയതിന്റെ ഫലമായിരുന്നു പിന്നീടുള്ള ദാവീദിന്റെ ക്രൂരമായ പ്രവർത്തനങ്ങൾ....

പക്ഷെ ദാവീദിനെ ദൈവം വാനോളം ഉയർത്തുന്നതായി നാം പഴയനിയമത്തിൽ കാണുന്നു. അതിന്റെ പിന്നിൽ യഥാർത്ഥമായ പശ്ചാതാപവും മാനസാന്തരത്തിന്റേതായ ഫലങ്ങളും ഉണ്ടായി

എന്നതാണ്.

ദൈവത്തിന്റെ വചനം നാഥാൻ പ്രവാചകന്റെ അധരങ്ങളിലേറി ദാവീദിന്റെ മുൻമ്പിൽ വന്നു നിന്നു. "ആ മനുഷ്യൻ നീ തന്നെ" ദാവീദിന് മനസിലായി തനിക്ക് തെറ്റു പറ്റിയെന്ന് (Ps. 51). ഇത് ദാവീദിന് രണ്ടാം ജന്മമായിരുന്നു. ചരിത്രം ഓർത്തിരിക്കുന്നതും ഈ രണ്ടാമത് ജനിച്ച ദാവീദിനെയാണ്.

തെറ്റുചെയ്യുന്നവരെ ശിക്ഷിക്കാൻ വേണ്ടി മാത്രം നോക്കിയിരിക്കുന്ന ഒരു ക്രൂരനായ ദൈവമല്ല നമുക്കുള്ളത്, മറിച്ച് പശ്ചാതപിച്ച് മാനസാന്തരത്തിലേക്ക് തിരിഞ്ഞ്, വീണ്ടും ജനിച്ച് പുതിയ നന്മ യുടെ വഴിയിലേക്ക് തിരിയുന്നവരെ, കരുണയോടെ മാടിവിളിച്ച് മടിയിലിരുത്തുന്ന തമ്പുരാന്റെ സ്നേഹമാണ് നമ്മെ നോക്കിയിരിക്കുന്നത്.

അതിന്റെ വലിയ ഉദാഹരണമാണ് നിനിവേ നഗരം നശിപ്പിക്കാനുള്ള ദൈവത്തിന്റെ തീരു മാനം പിന്നീട് അവിടുന്ന് മാറ്റുന്നത്.

ശിഷ്യപ്രമുഖനായ പത്രോസിന്റെ ജീവിതത്തിലേയ്ക്ക് കടന്ന് ചെല്ലുമ്പോൾ നമുക്ക് കാണാൻ സാധിക്കുന്നതും അതുതന്നെയാണ്. അതായത് ആരൊക്കെ നിന്നെ തള്ളിപറഞ്ഞാലും ഞാൻ നിന്നെ തള്ളിപ്പറയുകയില്ല എന്ന് പറഞ്ഞിട്ട്, കേവലം ഒരു കാവൽക്കാരിയുടെ മുൻമ്പിൽ തന്റെ ഗുരുവിനെ തള്ളിപ്പറഞ്ഞ പത്രോസ്, തമ്പുരാന്റെ ഒരു നോട്ടത്തിലൂടെ പിന്നീട് രണ്ടാം ജനനത്തിലേക്ക് കടക്കുകയാണ്, യഥാർത്ഥമായ മനസ്താപത്തിന്റെ ആധിക്യത്താൽ പുറത്തു പോയിരുന്ന് ഹൃദയം നൊന്ത് കരഞ്ഞ ആ പത്രോസിനെയാണ് പിന്നീട് തമ്പുരാൻ സഭയുടെ അമരക്കാരനായി നിയമിക്കുന്നത്.

എന്നാൽ യേശുവിനെ ഒറ്റികൊടുത്ത യൂദാസിന്റെ അവസ്ഥ പരിതാപകരമായിരുന്നു. അരു താത്ത തെറ്റിന്റെ പാദയിലൂടെ കടന്ന് പോയപ്പോൾ, അല്ലെങ്കിൽ തെറ്റുകളുടെ കൂമ്പാരങ്ങൾ ഒന്നൊ ന്നായി വർദ്ധിച്ചു വന്നപ്പോൾ അവിടെ തന്നെ, അത് തിരുത്തി മാനസാന്തരത്തിന്റേതായ വഴികളി ലൂടെ നടന്ന് രണ്ടാം ജനനത്തിലേക്കുള്ള ഒരു സാദ്ധ്യതയും യൂദാസിന്റെ മുമ്പിലുണ്ടായിരുന്നു. പക്ഷെ അവൻ ആ വഴിയെ സഞ്ചരിക്കാതെ പോയതാണ് അവന്റെ പതനത്തിന് കാരണമായതും.

തമ്പുരാൻ അനുവദിച്ചു തരുന്ന ഈ രണ്ടാം ജനനം നാം ഒഴിവാക്കിയാൽ യൂദാസിന്റെ ഗതിയായിരിക്കും നമുക്കും സംഭവിക്കുക.

**ഫാ. മാത്യു അരീപ്ലാക്കൽ.**